LSGD

**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Dr. Chithra S IAS )

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ഭരണ ജാഗ്രത - ഇടുക്കി ജില്ല - മൂന്നാർ ഗ്രാമപഞ്ചായത്ത് - സീനിയർ ക്ലാർക്ക് ശ്രീ.റെജി ആർ.എൽ. നെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സസ്പെന്റ് ചെയ്തത് - സർവ്വീസിൽ പുന:പ്രവേശനം നല്കി ഉത്തരവാകുന്നു.

പരാമർശം:
1) മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 07.01.2025 ലെ 1- ാം നമ്പർ തീരുമാനം
2) മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.01.2025 തീയതിയിലെ എ - 20/2025 നമ്പർ സസ്പെൻഷൻ ഉത്തരവ്
3) മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 07.01.2025 ലെ 1-ാം നമ്പർ തീരുമാനം
4) മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.01.2025 തീയതിയിലെ കത്ത്
5) ഇന്റേണൽ വിജിലൻസ് ഓഫീസറുടെ 29.01.2025 തീയതിയിലെ റിപ്പോർട്ട്
6) തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ മുമ്പാകെ ശ്രീ. റെജി ആർ.എൽ. സമർപ്പിച്ച അപ്പീൽ അപേക്ഷ
7) തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ 29.01.2025 ലെ എൽ.എസ്.ജി.ഡി./ജെഡി/ഐഡികെ/5493/2024-എ3 നമ്പർ കത്ത്
8) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ വിജിലൻസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ 22.02.2025 ൽ നടന്ന നേർക്കാഴ്ചാവേളയിൽ ശ്രീ. റെജി ആർ.എൽ. നേരിട്ട് ഹാജരായി എഴുതി നല്കിയ മൊഴി
9) മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്
10) ശ്രീ. റെജി ആർ.എൽ. സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നമ്പർ .LSGD/PD/3764/2025-VIGB4 തീയതി:24-06-2025**

മൂന്നാർ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. റെജി ആർ.എൽ. ഗ്രമപഞ്ചായത്തിലെ ജീവനക്കാരോടും പൊതുജനങ്ങളോടും പഞ്ചായത്തിലെ താല്ക്കാലിക ജീവനക്കാരോടും അപമര്യാദയായി പെരുമാറുകയും കയ്യേറ്റം ചെയ്യാൻ ശ്രമിക്കുന്നതായും ഇതുമായി ബന്ധപ്പെട്ട് ടിയാനെതിരെ പരാതികൾ രേഖാമൂലം ലഭിച്ചിട്ടുള്ളതായും ടിയാൻ പൊതുജനങ്ങളോടും പുഞ്ചായത്തിലെ താൽക്കാലിക ജീവനക്കാരോടും ഡ്യൂട്ടി സമയത്ത് മദ്യപിച്ച് അസഭ്യം പറയുകയും അപമര്യാദയായി പെരുമാറുകയും ചെയ്യുന്ന സാഹചര്യത്തിൽ ശ്രീ. റെജി ആർ.എൽ. നെ ഗ്രാമപഞ്ചായത്തിൽ നിന്ന് സ്ഥലംമാറ്റണം എന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്ത് തീരുമാനം എടുത്തിട്ടുള്ളതും മേൽ വിഷയം നിലനില്ക്കേ, 01.01.2025 ന് വൈകുന്നേരം ശ്രീ. റെജി ആർ.എൽ. ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ താല്ക്കാലിക ഓവർസിയറായി സേവനമനുഷ്ഠിക്കുന്ന ശ്രീ.ജനോഷ് എ.ജെ.. എന്നയാളെ അസഭ്യം പറഞ്ഞുകൊണ്ട് മാരകായുധങ്ങളുമായി ആക്രമിക്കാൻ ശ്രമിച്ചതായി ശ്രീ. ജനോഷ് എ.ജെ. പരാതി നല്കിയതായും ഗ്രാമപഞ്ചായത്തിലെ സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ചതിൽ ടി കാര്യങ്ങൾ ശരിയാണെന്ന് ബോധ്യപ്പെട്ടുകയും ചെയ്ത സാഹചര്യത്തിൽ ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കും പൊതുജനങ്ങൾക്കും ജീവന് ഭീഷണി

നിലനില്ക്കുന്നതിനാൽ ടിയാന്റെ ഇത്തരത്തിലുള്ള ഗുരുതരമായ സ്വഭാവ ദൂഷ്യം കണക്കിലെടുത്ത് പരാമർശം (2) ഉത്തരവ് പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. റെജി ആർ.എൽ. നെ 03.01.2025 ൽ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും പ്രസിഡന്റിന്റെ ടി സസ്പൻഷൻ ഉത്തരവിന് മൂന്നാർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 07.01.2025 ലെ 1 (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നല്കിയിട്ടുള്ളതായും കാണിച്ച് പരാമർശം (3) കത്ത് പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഈ കാര്യാലയത്തിൽ അറിയിക്കുകയുണ്ടായി.

ശ്രീ. റെജി ആർ.എൽ. നെ സസ്പെന്റ് ചെയ്തതുമായി ബന്ധപ്പെട്ട വിഷയം ഇടുക്കി ജില്ലയിലെ ഇന്റേണൽ വിജിലൻസ് ഓഫീസർ നേരിട്ട് എത്തി അന്വേഷണം നടത്തി പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ശ്രീ. റെജി ആർ.എൽ. 01-01-2025 ന് വൈകിട്ട് ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ താല്ക്കാലിക ഓവർസിയറായ ശ്രീ. ജനോഷ് എ.ജെ. എന്നയാളെ അസഭ്യം പറയുകയും മാരകായുധങ്ങളുമായി ആക്രമിക്കാൻ ശ്രമിച്ചിട്ടുള്ളതായും ഗ്രാമപഞ്ചായത്തിലെ സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ശ്രീ. ജനോഷ് എ.ജെ. മൂന്നാർ പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചിട്ടുള്ളതുമാണെന്നും ടിയാൻ ഇതിന് മുൻപും മാരകായുധങ്ങൾ കൊണ്ടു നടക്കുന്നത് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും ആയത് മറ്റു ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കും പൊതുജനങ്ങൾക്കും ജീവന് ഭീഷണി നിലനിൽക്കുന്ന സാഹചര്യമായിരുന്നുവെന്നും ഇത്തരത്തിൽ മുൻപും പ്രശ്നങ്ങൾ സൃഷ്ടിക്കുകയും നിരവധി തവണ അസഭ്യം പറഞ്ഞിട്ടുള്ളതായും ഇക്കാര്യങ്ങൾ ഗ്രാമപഞ്ചായത്തിന് അങ്ങേയറ്റം അവമതിപ്പ് ഉണ്ടാക്കുന്നതും അസഹ്യവുമാണ് എന്നും ഇന്റേണൽ വിജിലൻസ് ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.

ശ്രീ. റെജി ആർ.എൽ. നെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ടുള്ള മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നടപടി ടിയാനെതിരെയുള്ള വ്യാജ പരാതിയുടെ അടിസ്ഥാനത്തിലും നടപടിക്രമങ്ങൾ പാലിക്കാതെയുമാണെന്ന് കാണിച്ച് ടിയാനെ സസ്പെന്റ് ചെയ്ത ഉത്തരവ് റദ്ദ് ചെയ്ത് സേവനത്തിൽ പുനപ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (6) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർക്ക് ശ്രീ. റെജി ആർ.എൽ. അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ അപേക്ഷ പരിഗണിക്കുന്നതിനായി പരാമർശം (7) പ്രകാരം ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ ഈ കാര്യാലയത്തിലേക്ക് ലഭ്യമാക്കിയിരുന്നു.

ശ്രീ. റെജി ആർ.എൽ.സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ച് ടിയാനെ 22.02.2025 ന് പകൽ 11 മണിക്ക് ഈ കാര്യാലയത്തിലെ വിജിലൻസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ നേരിൽ കേൾക്കുകയുണ്ടായി. ശ്രീ. റെജി ആർ.എൽ. ന് എതിരായുള്ളത് വ്യാജ പരാതികളാണെന്നും ഒരു സർക്കാർ ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യുന്നതിന് ടിയാന്റെ നിയമനാധികാരിക്ക് മാത്രമേ സാധിക്കുകയുള്ളൂ എന്ന ചട്ടം മറികടന്ന് നിയമനാധികാരിക്ക് നിർദ്ദേശം നല്കാതെ നേരിട്ട് സസ്പെൻഷനിലേക്ക് കടന്ന മൂന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നടപടി സർവ്വീസ് ചട്ടങ്ങൾ പാലിക്കാതെയാണെന്നും ടിയാനെതിരെ ആരോപിച്ചിരിക്കുന്ന കുറ്റങ്ങളിൽ നിന്നും ടിയാനെ നിരുപാധികം ഒഴിവാക്കി സേവനത്തിൽ തിരികെ പ്രവേശിപ്പിക്കണമെന്നും പരാമർശം (8) പ്രകാരം ടിയാൻ നേർവിചാരണാ വേളയിൽ ബോധിപ്പിക്കുകയുണ്ടായി.

മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 30.04.2025 ലെ 21-ാം നമ്പർ തീരുമാനപ്രകാരം ശ്രീ. റെജി ആർ.എൽ.ന്റെ സസ്പെൻഷൻ പിൻവലിച്ച് മൂന്നാർ ഗ്രാമപഞ്ചായത്തിൽ പുനപ്രവേശിപ്പിക്കുന്നതിന് തീരുമാനിക്കുകയും 29.05.2025 ലെ 25(1) നമ്പർ തീരുമാനപ്രകാരം ടിയാനെ മൂന്നാർ ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിൽ നിയമിക്കുന്നതിനു ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ മൂന്നാർ ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കാണിച്ച് പരാമർശം (9) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. കൂടാതെ, മൂന്നാർ ഗ്രാമപഞ്ചായത്തിന് സമീപമുള്ള ഏതെങ്കിലും ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശനം നല്കണമെന്ന് കാണിച്ച് ശ്രീ. റെജി ആർ.എൽ. പരാമർശം (10) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**മേൽ** വസ്തുതകൾ പരിശോധിച്ചതിൽ മൂന്നാർ ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്കായിരുന്ന ശ്രീ. റെജി ആർ.എൽ. എന്നയാളെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം സസ്പെന്റ് ചെയ്ത നടപടി ചട്ടപ്രകാരമാണെന്ന് കാണുന്നു. എന്നാൽ ഇതിന്മേൽ ചട്ടപ്രകാരം തുടർനടപടി സ്വീകരിച്ച് അച്ചടക്കനടപടി അന്തിമമാക്കുന്നതിലും നിയമനാധികാരി തുടർനടപടി സ്വീകരിക്കേണ്ടതുള്ള പക്ഷം, യഥാസമയം ചട്ടപ്രകാരം റിപ്പോർട്ട് ചെയ്യുന്നതിലും പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത്‌രാജ് (ഉദ്യോഗസ്ഥന്മാരുടെമേൽ നിയന്ത്രണം) ചട്ടങ്ങൾ ചട്ടം 5, 8 (6), 8 (7), 8 (8), 10 (1), എന്നിവയിലെ വ്യവസ്ഥകൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല എന്നു കാണുന്നു. **മേൽ** സാഹചര്യത്തിൽ മൂന്നാർ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്ക് ശ്രീ. റെജി ആർ.എൽ. എന്നയാളുടെ സസ്പെൻഷൻ പിൻവലിച്ച് മൂന്നാർ ഗ്രാമപഞ്ചായത്തിന് സമീപമുള്ള ഏതെങ്കിലും ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒഴിവുള്ള സീനിയർ ക്ലാർക്ക് തസ്തികയിൽ പുനർനിയമനം നല്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ. റെജി ആർ.എൽ. ന്റെ നിയമന ഉത്തരവ് ഈ കാര്യാലയത്തിൽ നിന്നും പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

Dr. Chithra S IAS
PRINCIPAL DIRECTOR

DR. CHITHRA. S IAS
PEN : 719240
Principal Director
Local Self Government Department
Swaraj Bhavan, Nanthancode
Kowdiar P.O, Tvpm - 695003

ശ്രീ.റെജി ആർ.എൽ.
മുൻ സീനിയർ ക്ലാർക്ക്
മൂന്നാർ ഗ്രാമപഞ്ചായത്ത് ( നിലവിൽ സസ്പെൻഷനിൽ )
(തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)

പകർപ്പ് :
1. തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ (ഉത്തരവ് ശ്രീ.റെജി ആർ.എൽ.ന് നല്കി കൈപ്പറ്റ് പകർപ്പ് ലഭ്യമാക്കേണ്ടതാണ്)
2. പ്രസിഡന്റ്/സെക്രട്ടറി, മൂന്നാർ ഗ്രാമപഞ്ചായത്ത് ( ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
3. സൂപ്രണ്ട്, ഡി.ഇ.സി. സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ( ശ്രീ.റെജി ആർ.എൽ.ന് പുനപ്രവേശനം നല്കുന്നതിന്)
4. സൂപ്രണ്ട്, ഡി.ഇ.ഡി. സെക്ഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (വിവരാവകാശ നിയമപ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി